# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6019 — 10.07.2012 ൽ മറുപടിയ്ക്ക്

## ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>ബി) ആയതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വ്യക്തമാക്കുമോ ? | എ) & ബി) | തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക-1 ൽ അനുവദനീയമായ പ്രവൃത്തികളിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ തൊഴുത്തിന്റെ ഈടുറ്റ തറ/ പുൽത്തൊട്ടി/ ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോള വളർത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ